ടെലിഫോൺ നം.0471-2517457
ഇ-മെയിൽ admrefcom4@gmail.com
വെബ്സൈറ്റ് www.arc.kerala.gov.in

**കേരള സർക്കാർ**
**ഭരണപരിഷ്കാര കമ്മീഷൻ**

നം.138/ജനറൽ/2017/എ.ആർ.സി

തിരുവനന്തപുരം
തീയതി 19.07.2017

പ്രേഷകൻ

മെമ്പർ സെക്രട്ടറി

സ്വീകർത്താവ്

1. ശ്രീ.രാജൻ എസ്.ഖോബ്രഗാഡെ ഐ.എ.എസ്
2. ശ്രീമതി കെ.ബി.വത്സലാകുമാരി ഐ.എ.എസ് (റിട്ട.)
3. ശ്രീ.എസ്.ഹരികിഷോർ.ഐ.എ.എസ്
4. ശ്രീമതി അദീല അബ്ദുള്ള ഐ.എ.എസ്
5. പ്രൊഫ.ജയ.എസ്.ആനന്ദ്, ഐ.എം.ജി
6. ഡോ.ഡി. സജിത് ബാബു, സെക്രട്ടറി, ഐ.എൽ & ഡി.എം
7. ശ്രീ.ഗൗരീദാസൻ നായർ, റസിഡന്റ് എഡിറ്റർ, ദി ഹിന്ദു
8. ശ്രീ.എം.ജി.രാധാകൃഷ്ണൻ, എഡിറ്റർ, ഏഷ്യാനെറ്റ് ന്യൂസ്

സർ/മാഡം,

വിഷയം :- ഭരണപരിഷ്കാര കമ്മീഷൻ -പൊതുജനങ്ങൾക്ക് വിവരം നൽകൽ,പരാതി പരിഹാര സംവിധാനം, സേവനാവകാശ നിയമം എന്നിവയുടെ അവലോകനം തുടങ്ങിയ വിഷയങ്ങളിൽ നടത്തുന്ന പഠനം - വിദഗ്ധ സമിതി രൂപീകരിക്കുന്നത് സംബന്ധിച്ച്

സൂചന :- 1) 06.08.2016 ലെ സ.ഉ (എം.എസ്) 16/2016/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
2) 30.08.2016 ലെ സ.ഉ (എം.എസ്) 21/2016/ഉ.ഭ.പ.വ നമ്പർ ഉത്തരവ്

സംസ്ഥാനത്തെ ഭരണപരിഷ്കാര നടപടികൾക്കായി ശ്രീ.വി.എസ്.അച്യുതാനന്ദൻ എം.എൽ.എ (മുൻ മുഖ്യമന്ത്രി) അധ്യക്ഷനായും മുൻ ചീഫ് സെക്രട്ടറിമാരായ ശ്രീ.സി.പി.നായർ, ശ്രീമതി നീലാ ഗംഗാധരൻ എന്നിവർ അംഗങ്ങളായും മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി ഷീല തോമസ് മെമ്പർ സെക്രട്ടറിയായും നാലാമത് ഭരണപരിഷ്കാര കമ്മീഷൻ പ്രവർത്തിച്ചു വരുന്ന വിവരം അറിഞ്ഞിരിക്കുമല്ലോ. ജനോപകാരപ്രദവും കാര്യക്ഷമവുമായ ഒരു ഭരണസംവിധാനം കെട്ടിപ്പടുക്കുന്നതിനാവശ്യമായ ശുപാർശകൾ സർക്കാരിന് സമർപ്പിക്കുക എന്നതാണ് ഭരണപരിഷ്കാര കമ്മീഷനിൽ നിക്ഷിപ്തമായ ചുമതലകളിൽ ഒന്ന്.

കമ്മീഷന്റെ വിശാലമായ പരിഗണനാവിഷയങ്ങൾ സംബന്ധിച്ച് സൂചന (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഉത്തരവാദാധിഷ്ഠിത ഉദ്യോഗസ്ഥ സംവിധാനം

ഉറപ്പാക്കുന്നതിന്റെ ഭാഗമായി സുതാര്യത, സേവനാവകാശ നിയമം, പൗരാവകാശ രേഖ, ഫ്രണ്ട് ഓഫീസ് സംവിധാനം, പരാതി പരിഹാര സംവിധാനം തുടങ്ങിയ കാര്യങ്ങളിൽ തൽസ്ഥിതി പരിശോധിച്ചുകൊണ്ട് ആവശ്യമായ പരിഷ്കരണ ശുപാർശകൾ രൂപപ്പെടുത്തേണ്ടതുണ്ടെന്ന് കമ്മീഷന്റെ അംഗീകരിക്കപ്പെട്ട സമീപനരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

പൊതുജനങ്ങൾക്കുള്ള വിവരം നൽകൽ / പൊതുജനപരാതി പരിഹാര സംവിധാനം, സേവനാവകാശ നിയമം എന്നിവയുടെ അവലോകനം എന്നത് കമ്മീഷന്റെ മുൻഗണനാ വിഷയങ്ങളായി നിശ്ചയിച്ച് പഠനം നടത്തുന്നതാണെന്നും ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട വിദഗ്ധരെ തുടർന്ന് തീരുമാനിക്കുന്നതാണെന്നും 06.04.2017 ൽ ചേർന്ന കമ്മീഷന്റെ അഞ്ചാമത് യോഗത്തിൽ തീരുമാനമെടുക്കുകയും 03.07.2017 ൽ ചേർന്ന കമ്മീഷന്റെ ഏഴാമത് യോഗത്തിൽ വിദഗ്ധ സമിതിയിലേക്ക് താങ്കളുടെ സേവനം ലഭ്യമാക്കുന്നതിന് കമ്മീഷൻ തീരുമാനിക്കുകയും ചെയ്തു. ഈ വിവരം താങ്കളെ സസന്തോഷം അറിയിക്കുന്നു.

ഭരണപരിഷ്കാര കമ്മീഷന്റെ പരിഗണനയിലുള്ള അതിപ്രധാനമായ ഒരു വിഷയമാണ് സംസ്ഥാനത്ത് ഉത്തരവാദാധിഷ്ഠിത ഉദ്യോഗസ്ഥ സംവിധാനം ഉറപ്പാക്കുക എന്നത്. സംസ്ഥാന ഭരണ സംവിധാനത്തെ ജനസൗഹൃദമാക്കാനുതകുന്ന തരത്തിൽ നിലവിലുള്ള സംവിധാനത്തെ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് കമ്മീഷൻ നടത്തുന്ന പഠനപ്രക്രിയയിൽ താങ്കളുടെ അനുഭവപരിജ്ഞാനം ലഭ്യമാക്കുന്നത് കമ്മീഷൻ പ്രവർത്തനത്തെ സഹായിക്കുന്ന ഒന്നായിരിക്കും എന്ന് കമ്മീഷൻ വിലയിരുത്തുന്നു. ആ നിലയ്ക്ക് മേല്പറഞ്ഞ വിദഗ്ധരുടെ പാനലിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ താങ്കൾക്ക് എതിരഭിപ്രായം ഉണ്ടാകില്ലെന്ന് പ്രതീക്ഷിക്കുന്നു. താങ്കളുടെ അഭിപ്രായം admrefcom4@gmail.com എന്ന ഈ-മെയിൽ വിലാസത്തിൽ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

**ഷീല തോമസ്**

മെമ്പർ സെക്രട്ടറി